# കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,

ഡിവിഷണൽ മാനേജരുടെ കാര്യാലയം. ചിയ്യാരം.പി.ഒ.തൃശ്ശൂർ - 680 026

വിജയമാത ചർച്ചിന് സമീപം

*E-mail: kfdc.thrissur@ yahoo.com*

***CIN OF KFDC IS: UO2001KL1975SGC002660*** Mob: 8289821500


## ദർഘാസ് ഫോറം

കെ.എഫ്.ഡി.സി.യുടെ തൃശ്ശൂർ ഡിവിഷന്റെ അധീനതയിലുള്ള മരോട്ടിച്ചാൽ ഡംപിംഗ് ഡിപ്പോയിൽ അട്ടിവച്ചിട്ടുള്ള തേക്ക് തടി/കഴ/വിറക് വിൽക്കുന്നതിന്.

ഫോറം വാങ്ങിച്ച ആൾ

. . . . . . . . . . . . . . . . . . . . . .. .

. . .. . . . . . . . . . . . . . . . . . . . ..

. . . . . . . . . . . . . . . . . . . . . . . .

| | | |
|---|---|---|
| ലേല തീയതിയും സമയവും | - | 14-11-2019 രാവിലെ 11.30 മണി |
| ദർഘാസ് ഫോറത്തിന്റെ വില | - | **1500/- രൂപയും + നികുതിയും, അനുബന്ധ സെസ്സും** |
| ദർഘാസ് സമർപ്പിക്കാനുള്ള അവസാന സമയവും തീയതിയും | - | 14-11-2019 - രാവിലെ 11 മണി |

ഫോറം നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പും ഉദ്യോഗപ്പേരും,

# ദർഘാസ്

സ്വീകർത്താവ്

ഡിവിഷണൽ മാനേജർ,
ഡിവിഷണൽ ഓഫീസ് ,
ചിയ്യാരം.പി.ഒ., തൃശ്ശൂർ - 680 026
വിജയമാത ചർച്ചിന് സമീപം

സാർ,

ഞാൻ/ഞങ്ങൾ ഇതോടനുബന്ധിച്ചുള്ള വിൽപന വ്യവസ്ഥകൾ വായിച്ചു മനസ്സിലാക്കി 14-11-2019 ലെ DM/TCR/754/Teak/18-19 നമ്പർ പരസ്യ പ്രകാരം മരോട്ടിച്ചാൽ ഡമ്പിംഗ് ഡിപ്പോയിൽ അട്ടിവച്ചിട്ടുള്ള തേക്ക് തടി/കഴ/വിറക് വാങ്ങുന്നതിനുള്ള ദർഘാസ് ഇതോടൊപ്പം സമർപ്പിക്കുന്നു.

നിരതദ്രവ്യം 25 ,000/- രൂപയുടെ ഡി. ഡി. (ഡിവിഷണൽ മാനേജരുടെ പേരിൽ) നം. . . . . . . . . . . . . . . . . . . തീയതി. . . . . . . . . . . . . . ബാങ്കിന്റെ അഡ്രസ്സ്. . . . . . . . . . . . . . . . . . . . . . . . . . . . . . . .. . . . . . . . . . . . . . . . . . )

* (ബാധകമാണെങ്കിൽ മാത്രം)

തീയതി: ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ ഒപ്പ് :

പേര് :

അഡ്രസ്സ് :

കുറിപ്പ് : ദർഘാസ് സീൽ ചെയ്ത കവറിലാണ് സമർപ്പിക്കേണ്ടത് . പരസ്യലേലം കഴിയുന്ന മുറയ്ക്ക് ഡിവിഷണൽ മാനേജരോ, അധികാരപ്പെടുത്തിയ മറ്റു ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും, വിലാസവും കവറിനു മുകളിൽ എഴുതിയിരിക്കണം. കവറിനു പുറത്ത് "തൃശ്ശൂർ ഡിവിഷനിലെ മരോട്ടിച്ചാൽ ഡമ്പിംഗ് ഡിപ്പോയിൽ അട്ടിവച്ചിട്ടുള്ള തേക്ക് തടി/കഴ/വിറക് വാങ്ങുന്നതിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തിയിരിക്കണം.

**മരോട്ടിച്ചാൽ ഡമ്പിംഗ് ഡിപ്പോയിൽ അട്ടിവച്ചിട്ടുള്ള തേക്ക് തടി/കഴ/വിറക് വാങ്ങുന്നതിനുള്ള ദർഘാസ്**

| ലോട്ട് നമ്പർ | ഇനം | വില: തടി/വിറക് - ₹/$m^3$ കഴ - ₹ / എണ്ണം | |
|---|---|---|---|
| | | അക്കത്തിൽ | അക്ഷരത്തിൽ |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

സ്ഥലം;

തീയതി: ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേര്:

ഒപ്പ് :

# കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

## വിവിധയിനം വനവിഭവങ്ങളുടെ ലേല നിബന്ധനകൾ

സർക്കാർ ഉത്തരവ് നമ്പർ പ്രൊ(5) 26274/2012 തീയതി 11.12.2012 ഉത്തരവു പ്രകാരം തയ്യാറാക്കിയത്.

ലേലദിവസം രാവിലെ 11 മണിവരെ ലേലസ്ഥലത്ത് ദർഘാസ് സ്വീകരിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡിവിഷണൽ ആഫീസിലും ലേലസ്ഥലത്തും നിന്ന് ലഭിക്കുന്നതാണ്. ഫോറം വിലയായി 1500/- (ആയിരത്തി അഞ്ഞൂറ്) രൂപയും 12 % ചരക്കു സേവന നികുതിയും മറ്റു അനുബന്ധ സെസ്സുകളും ഈടാക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. വാങ്ങാനുദ്ദേശിക്കുന്ന ലോട്ടുകളുടെ നമ്പരും അവയ്ക്കായി നൽകാൻ ഉദ്ദേശിക്കുന്ന വിലയും വ്യക്തമായി ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ കെ.എഫ്.ഡി.സിയുടെ www.keralafdc.org വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. അങ്ങനെ ഡൗൺ ലോഡ് ചെയ്യുന്ന ടെണ്ടർ ഫോം പൂരിപ്പിച്ച് സമർപ്പിക്കുമ്പോൾ ടെണ്ടർ ഫോമിന്റെ വിലയും + ജി.എസ്.ടി., ഇ.എം.ഡി., മറ്റു അനുബന്ധ സെസ്സുകളും എന്നിവയും കൂടി നൽകേണ്ടതാണ്.

ലേല നടപടികൾ പ്രസ്തുത ദിവസം രാവിലെ 11.30 മണിയ്ക്ക് ആരംഭിക്കുന്നതാണ്. ലേല ദിവസം പണിമുടക്കോ പൊതു ഒഴിവു ദിവസമോ വന്നാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം മേൽ പ്രസ്താവിക്കപ്പെട്ട സ്ഥലത്തും സമയത്തുംവച്ച് നടത്തുന്നതാണ്. ലേലം തുടങ്ങിയതിനുശേഷമാണ് അന്നേ ദിവസം ഒഴിവു ദിവസമായി പ്രഖ്യാപിക്കപ്പെട്ട വിവരം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ലഭിച്ചതെങ്കിൽ ഉടൻ ലേലം നിർത്തിവയ്ക്കാവുന്നതാണ്. അങ്ങനെ നിർത്തിവയ്ക്കുന്ന ലേലം അടുത്തദിവസം രാവിലെ 10 മണിയ്ക്ക് തുടരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടി തീയതിയിൽ ലേലം നടക്കാതെ വരുകയോ, പൂർത്തിയാകാതെവരുകയോ ചെയ്താൽ **21-11-2019, 28-11-2019, 05-12-2019** എന്നീ ദിവസങ്ങളിൽ പുനർ/തുടർ ലേലം നടത്തുന്നതായിരിക്കും

ദർഘാസ് കം ലേലവില്പനയിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ദർഘാസ് സമർപ്പിക്കുന്നതിനുമുമ്പ് വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള സാധനങ്ങളുടെ അളവുകളും മറ്റു വിശദവിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്. ലേലത്തിനുശേഷം ഈവക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല. ദർഘാസ് കം ലേലത്തിൽ വിൽക്കാൻ ഉദ്ദേശിക്കുന്ന തടി/കഴ/വിറകുകളെപ്പറ്റിയും മറ്റു വനവിഭവങ്ങളെപ്പറ്റിയും ഉള്ള വിവരങ്ങൾ തൃശ്ശൂർ ഡിവിഷണൽ ഓഫീസിൽ നിന്നോ ചെമ്പംകണ്ടം സബ് യൂണിറ്റ് ഓഫീസിൽ നിന്നോ മുൻകൂട്ടി അറിയാവുന്നതാണ്

ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ തുറക്കുന്നതും ഓരോ ലോട്ടിനും രേഖപ്പെടുത്തിയിട്ടുള്ള വില ലേലത്തിൽ അതേ ലോട്ടിനു ലഭിച്ച ഏറ്റവും ഉയർന്ന വിലയേക്കാൾ കൂടുതലാണെങ്കിൽ ദർഘാസ് വിലയ്ക്കും കുറവാണെങ്കിൽ ലേലത്തിൽ ലഭിച്ച വിലയ്ക്കും ആ ലോട്ടിന്റെ വിൽപ്പന സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ രണ്ടുവിലയും കോർപ്പറേഷന് ലാഭകരമായി ബോദ്ധ്യപ്പെടാത്തപക്ഷം ആ ലോട്ടിന്റെ ദർഘാസ് കം ലേലവിൽപ്പന റദ്ദു ചെയ്യുന്നതാണ്.

മുൻകൂട്ടി ദർഘാസും നിരതദ്രവ്യവും സമർപ്പിച്ചിട്ടുള്ളവർ ലേല സമയത്ത് സന്നിഹിതരായിരിക്കണമെന്നില്ല. പക്ഷേ, ദർഘാസ് കം ലേല തുക സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലം അത്തരക്കാർക്ക് ഉറപ്പിക്കുന്ന പക്ഷം ലേലനിബന്ധനകൾ പ്രകാരമുള്ള ബാക്കി തുക കെട്ടിവയ്ക്കേണ്ടതാണ്.

## സാമാന്യ വ്യവസ്ഥകൾ

### 1. അളവും തരം തിരിക്കലും

**തടി/കഴ/ വിറക് ഇനവും തരവും തിരിച്ച് സൗകര്യമുള്ള ലോട്ടുകളായി പട്ടിക 1 ൽ വിവരിക്കുന്ന പ്രകാരം വിൽക്കുന്നതാണ്.**

### 2. നിരതദ്രവ്യം

എ) ദർഘാസ് കം ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ 25,000/- (ഇരുപത്തി അയ്യായിരം) രൂപ നിരതദ്രവ്യം ഡിഡി/പണമായി/ ദർഘാസിനോടൊപ്പം കെട്ടിവയ്ക്കേണ്ടതാണ്. കൂടാതെ അവർ ദർഘാസ് കം ലേല നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ തന്മൂലം കോർപ്പറേഷന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ തന്നിൽനിന്നും ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചുകൊണ്ടുള്ള ഒരു സമ്മതപത്രവും ഒപ്പുവയ്ക്കേണ്ടതാണ്.

ബി) ദർഘാസ് കം ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടൻ തിരിച്ചുകൊടുക്കുന്നതാണ്.

സി) വിജയിച്ച ദർഘാസുകാരുടെ/ലേലക്കാരുടെ നിരതദ്രവ്യം താഴെ വിവരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പിടിച്ച ലോട്ടുകളുടെ വിലയിലേക്ക് വക ചേർക്കുന്നതിനായോ അവരിൽനിന്നും ഏതെങ്കിലും വീഴ്ച വന്നാൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനായോ കോർപ്പറേഷനിൽ സൂക്ഷിക്കുന്നതാണ്.

ഡി) ദർഘാസ് കം ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽ വിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുമുള്ള ഒരു സർട്ടിഫിക്കറ്റോ അല്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ നൽകിയ ഐഡന്റിറ്റി കാർഡ്, ഡ്രൈവിങ്ങ് ലൈസൻസ്, പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുൻപായി സമർപ്പിക്കേണ്ടതാണ്. പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ ഉള്ളവർ അവരുടെ സർട്ടിഫിക്കറ്റ് കാണിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരിൽനിന്നും ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം സർട്ടിഫിക്കറ്റോ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ദർഘാസ് കം ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

ഇ) ലേലത്തിൽ കൂട്ടി വിളിക്കുന്ന ഏറ്റവും കുറഞ്ഞ സംഖ്യ തേക്ക് തടികളുടെ കാര്യത്തിൽ 100/- (നൂറ് രൂപ) തേക്കു കഴകളുടെ കാര്യത്തിൽ ഓരോ എണ്ണത്തിനും 5/- (അഞ്ച്) രൂപയും, വിറകുകൾക്ക് ക്യുബിക് മീറ്ററിന് 5/- (അഞ്ച് ) രൂപയും ആയിരിക്കും.

എഫ്) ഓരോ ലോട്ടിന്റെയും ലേലം അവസാനിച്ചയുടനെ അതാത് ലോട്ടുകൾ ഏറ്റവും ഉയർന്ന വില വിളിച്ചയാൾ ആ ലോട്ടുകളുടെ വിവരങ്ങൾ, വിളിച്ചെടുക്കുന്ന വില മുതലായ സംഗതികൾ അംഗീകരിച്ച സൂചനയ്ക്കായി അതാതു ലോട്ടുകളുടെ നേരെ ലേല രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. അങ്ങനെ ഒപ്പ് വയ്ക്കാതിരുന്നാലും ലേലം വിളിക്കുന്നയാൾക്ക് ലേല നിബന്ധനകളിൽ നിന്ന് മാറാവുന്നതല്ല

ജി) ദർഘാസ് കം ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ താഴെപ്പറയുന്ന അധികാരങ്ങൾ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

1) ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ നിരതദ്രവ്യം യാതൊരു കാരണവും പറയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

2) ദർഘാസ് കം ലേലത്തിനായി പരസ്യപ്പെടുത്തിയ ഏതെങ്കിലും ലോട്ടുകൾ വിൽക്കാതിരിക്കുകയോ പരസ്യപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും ലോട്ട് വിൽക്കുകയോ ചെയ്യാവുന്നതാണ്.

3) ലേലത്തിനു പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലുംനടപടികളിൽഏർപ്പെട്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ലേലക്കാരനെ ലേലത്തിൽനിന്നോ ലേലസ്ഥലത്തുനിന്നോ പുറത്താക്കാവുന്നതാണ്.

4) ലേലംവിളിക്കുന്നവർപരോക്ഷമായിയോജിച്ച് സർക്കാരിനെ/കോർപ്പറേഷനെ പ്രതികൂലമായി ബാധിക്കുന്ന നടപടികളിൽ ഏർപ്പെട്ട് പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ലേലം നിർത്തിവയ്ക്കാൻ ഡിവിഷണൽ മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## 3. പോസ്റ്റ് ഓഫറുകൾ

നിയമാനുസൃതമായ പോസ്റ്റ് ഓഫറുകൾ വല്ലതുമുണ്ടെങ്കിൽ ആയത് ദർഘാസ് കം ലേലം കഴിഞ്ഞ് 7 ദിവസത്തിനകം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

എ) പോസ്റ്റ് ഓഫർ തരുന്ന ലോട്ടുകൾക്ക് ഓരോന്നിനും വില ഒരു ലക്ഷത്തിൽ കുറവാണെങ്കിൽ അതിന്റെ ഇരുപത് ശതമാനം (20%) വില കൂടുതലും ഒരു ലക്ഷത്തിൽ കൂടുതലുള്ള തുകയ്ക്ക് പത്ത് ശതമാനം (10%) ഏറ്റവും കുറഞ്ഞത് വാഗ്ദാനം നൽകിയാൽ മാത്രമേ പോസ്റ്റ് ഓഫറുകൾ സ്വീകരിക്കുകയുള്ളൂ.

ബി) മുകളിൽപ്പറഞ്ഞ പ്രകാരമുള്ള സാധുവായ പോസ്റ്റ് ഓഫറിനോടൊപ്പം ഓഫർ തരുന്ന ഓരോ ലോട്ടിന്റെയും അമ്പത് ശതമാനം (50%) വില സെക്യൂരിറ്റി ഡെപ്പോസിറ്റായി ഏതെങ്കിലും ദേശസാത്കൃത ബാങ്കിൽ മാറാവുന്ന ഡി.ഡി. ആയോ, NEFT/RTGS ആയോ അടയ്ക്കേണ്ടതാണ്.

സി) പോസ്റ്റ് ഓഫറുകൾ അതാത് ഡിവിഷണൽ മാനേജർമാർക്ക് സമർപ്പിക്കേണ്ടതാണ്.

ഡി) പോസ്റ്റ് ഓഫറിൽ പറഞ്ഞിരിക്കുന്ന വിലയ്ക്ക് ലോട്ടുകൾ എടുത്തു കൊള്ളാമെന്നുള്ള സമ്മത പത്രം 200/- (ഇരുന്നൂറ്) രൂപ മുദ്രക്കടലാസിൽ എഴുതി നൽകേണ്ടതാണ്.

ഇ) പോസ്റ്റ് ഓഫറിലെ നിബന്ധനകൾ പ്രകാരമുള്ള വിലയുടെ ഓഫറും സെക്യൂരിറ്റി ഡെപ്പോസിറ്റും സമ്മത പത്രവും കിട്ടിയാലുടൻ ബന്ധപ്പെട്ട ലോട്ടുകളുടെ ലേലം റദ്ദുചെയ്യുന്നതും അടുത്ത പൊതുദർഘാസ് ലേലദിവസം ടി ലോട്ടുകൾ പുനർലേലം ചെയ്യുന്നതുമാണ്.

എഫ്) ലേലം വിളിക്കുമ്പോൾ പോസ്റ്റ് ഓഫറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ വിലയായി കണക്കായി ലേലം നടത്തുന്നതും ലേലത്തിലോ /ദർഘാസിലോ ഉയർന്ന വില നൽകുന്നവർക്ക് ലേലം/ ദർഘാസ് ഉറപ്പിക്കുന്നതുമാണ്. ഉയർന്ന വിലയ്ക്ക് ലേലം/ ദർഘാസ് കൊള്ളാൻ ആളില്ലാത്തപക്ഷം പോസ്റ്റ് ഓഫർ നൽകിയ ആളിന് വാഗ്ദാനം ചെയ്ത വിലയ്ക്ക് ലോട്ടുകൾ നൽകുന്നതാണ്.

ജി) ലേലം / ദർഘാസ് ഉറപ്പിക്കുമ്പോൾ ലോട്ടുകൾക്ക് കൂടുതൽ വില കിട്ടുകയും മറ്റൊരാൾക്ക് ലേലം കം ദർഘാസ് ഉറപ്പിക്കുകയും ചെയ്യുന്നപക്ഷം പോസ്റ്റ് ഓഫറിനോടൊപ്പം നൽകിയ സെക്യൂരിറ്റി തുക മടക്കിക്കൊടുക്കുന്നതിനും പോസ്റ്റ് ഓഫർ വിലയ്ക്ക് നൽകിയപക്ഷം ബാക്കി വിലയിലേക്ക് വകവയ്ക്കുന്നതും എന്നാൽ പോസ്റ്റ് ഓഫർ നൽകിയ ആൾ പിൻമാറുന്നപക്ഷം ടി തുക കോർപ്പറേഷൻ കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമാണ്.

ലേലത്തിൽ പണമടയ്ക്കുന്നതിനും തടി നീക്കം ചെയ്യുന്നതിനും മറ്റ് നിയമങ്ങളും വ്യവസ്ഥകളും ബാധകമായിരിക്കുന്നതുമാണ്.

## 4. ദർഘാസ് കം ലേലം സ്ഥിരപ്പെടുത്തൽ

എ) ദർഘാസ് കം ലേലം സ്ഥിരപ്പെടുത്തുന്നത് നിയമാനുസരണം അധികാരമുള്ള ഉദ്യോഗസ്ഥനായിരിക്കും യാതൊരു കാരണവും പറയാതെ ഭാഗികമായോ പൂർണ്ണമായോ ദർഘാസ് കം ലേലത്തെ സ്ഥിരീകരിക്കുവാനോ തള്ളിക്കളയുവാനോ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കും. നിയമാനുസരണം സ്ഥലത്തുവച്ച് തന്നെ ദർഘാസ് കം ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്ന ലോട്ടുകളുടെ മുഴുവൻ വിലയും ചരക്ക് സേവന നികുതിയും മറ്റു അനുബന്ധ സെസ്സുകളും ഡിവിഷണൽ ഓഫീസിൽ അടയ്ക്കാവുന്നതാണ്. സ്ഥലത്തുവച്ച് സ്ഥിരപ്പെടുത്തുന്ന ലോട്ടുകൾക്ക് ദർഘാസ് കം ലേലം കഴിഞ്ഞ് 7 ദിവസത്തിനുശേഷമേ പ്രസ്തുത തടികൾ നീക്കം ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. ലേലം കഴിഞ്ഞ് 7 ദിവസത്തിനകം ദർഘാസ് കം ലേലത്തെ സംബന്ധിച്ചുള്ള പരാതികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. മേൽപ്പറഞ്ഞ സമയത്തിനകം ദർഘാസ് കം ലേലത്തെ സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരാതിയിൽ ഉൾപ്പെട്ട ലോട്ടുകളുടെ ദർഘാസ് കം ലേലത്തെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം എടുക്കുന്നതിനുള്ള പരമാധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ബാക്കിയുള്ള ലോട്ടുകളെ സംബന്ധിച്ചിടത്തോളം നിശ്ചിത ഫോറത്തിൽ സ്ഥിരീകരണമോ ബാക്കി അടയ്ക്കേണ്ട സംഖ്യയ്ക്കുള്ള അംഗീകാരം നൽകിയ ചെലാനോ രണ്ടും കൂടിയോ അതാത് ഡിവിഷണൽ ഓഫീസിൽനിന്ന് നേരിട്ട് നൽകുകയോ തപാലിൽ "സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്" ആയി അയയ്ക്കുകയോ ചെയ്യുന്നതായിരിക്കും. ദർഘാസ് കം ലേലം സ്ഥിരപ്പെടുത്തിയ വിവരം സ്ഥലത്തുവച്ച് പ്രഖ്യാപിക്കുന്നത് അറിയിപ്പായി കണക്കാക്കേണ്ടതാണ്.

ബി) ദർഘാസ് കം ലേലം ചെയ്യപ്പെട്ട വസ്തുക്കൾ നീക്കം ചെയ്യാൻ ദർഘാസ് കം ലേലവ്യവസ്ഥയനുസരിച്ച് അനുവദിക്കപ്പെടുന്ന സമയപരിധിവരെ സുരക്ഷിതമായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം കോർപ്പറേഷനായിരിക്കും. എന്നാൽ വില പൂർണ്ണമായി അടച്ചശേഷം ദർഘാസ് കം ലേലവ്യവസ്ഥ അനുസരിച്ച് അനുവദിച്ച സമയപരിധി കഴിഞ്ഞുണ്ടാകുന്ന കേടുപാടുകൾക്കോ നാശനഷ്ടങ്ങൾക്കോ കോർപ്പറേഷനോ വനം വകുപ്പോ ഉത്തരവാദി ആയിരിക്കുന്നതല്ല.

## 5. ബാക്കി പണം അടയ്ക്കലും തടി/കഴകൾ/വിറക് നീക്കം ചെയ്യലും

എ) ലേലം വിളിച്ചെടുക്കുന്ന ആൾ ലേലം കഴിഞ്ഞയുടനെ മൊത്തം ലേലസംഖ്യ 20,000 (ഇരുപതിനായിരം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതലാണെങ്കിൽ മൊത്ത ലേലത്തുകയുടെ 35% കുറഞ്ഞത് 20,000 (ഇരുപതിനായിരം) രൂപയും കൂടിയത് 1,00,000/ (ഒരു ലക്ഷം) രൂപയും എന്ന കണക്കിൽ റൊക്കം RTGS/ DD/NEFT മാർഗ്ഗേന ഒടുക്കേണ്ടതാണ്. ഡ്രാഫ്റ്റ് കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ കോട്ടയത്തുള്ള ഏതെങ്കിലും ദേശസാത്കൃതബാങ്കിൽ മാറാവുന്നതായിരിക്കണം. ലേലദിവസം നിരത ദ്രവ്യമായി അടച്ച തുക ബാങ്കുകളിൽ നിന്നും മാറുകയാണെങ്കിൽ അതിനുള്ള കമ്മീഷൻ ലേലക്കാരൻ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഡ്രാഫ്റ്റ് ബാങ്കിൽനിന്നും നിരസിക്കപ്പെടുകയാണെങ്കിൽ ടി ഡ്രാഫ്റ്റ് ഹാജരാക്കിയ ആളിനെ വീഴ്ചക്കാരനായി പരിഗണിച്ച് ലേലവ്യവസ്ഥകൾ അനുസരിച്ചും ക്രിമിനലായും നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേൽ സൂചിപ്പിച്ച 35% വരുന്ന ഭാഗം ലേലത്തുക ഒരു ലക്ഷം രൂപയിൽ കൂടുതലായി വരികയാണെങ്കിൽ ലേലദിവസം അടച്ച് 1,00,000/- (ഒരു ലക്ഷം) രൂപ കഴിച്ച് ബാക്കി വരുന്ന തുക ലേലദിവസം കഴിഞ്ഞുള്ള 7 പ്രവൃത്തി ദിവസത്തിനകം കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ ദേശസാത്കൃത ബാങ്കിലെ ഡ്രാഫ്റ്റായോ/RTGS/NEFT ആയി താഴെ പറയുന്ന എക്കൗണ്ടിൽ SBI, Kottayam Main Branch, Manager, KFDC Ltd, A/c.No.67391586884, IFSC code – SBIN 0070102 ഒടുക്കേണ്ടതാണ്. ഡ്രാഫ്റ്റ് കോട്ടയത്ത് മാറാവുന്നതായിരിക്കണം. ഏഴാമത്തെ ദിവസം ഒഴിവുദിവസമായി വരികയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ഡ്രാഫ്റ്റ് /RTGS/ NEFT/ അടച്ചാൽ മതിയാവുന്നതാണ്.

ബി) മേൽ വിവരിച്ച പ്രകാരം ലേലദിവസം അടയ്ക്കേണ്ട തുകയോ ലേലതുകയുടെ 35% വരുന്ന തുകയോ അടയ്ക്കേണ്ട ദിവസം ഒടുക്കാതിരുന്നാൽ അവർ വിളിച്ച ലോട്ടുകളുടെ ലേലം റദ്ദ് ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച എല്ലാ സംഖ്യകളും കോർപ്പറേഷനിലേക്ക് മുതൽക്കൂട്ടുന്നതും ലേലക്കാരന് യാതൊരു അറിയിപ്പും നൽകാതെ ടി ലോട്ടുകൾ വിളിച്ചെടുത്തവരുടെ നഷ്ടോത്തരവാദിത്വത്തിൽ അതേ ഡിപ്പോയിലെ അടുത്ത ലേലത്തിൽ പുനർലേലം ചെയ്യുന്നതും അങ്ങനെ പുനർ ലേലത്തിൽ സംഭവിക്കാവുന്ന എല്ലാ നഷ്ടങ്ങൾക്കും ടി ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. അവരിൽനിന്ന് നിയമാനുസൃതമായി എല്ലാ നടപടികളും സ്വീകരിച്ച് നഷ്ടം ഈടാക്കുന്നതാണ്.

സി) ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പും ബാക്കി തുക അടച്ചു തീർക്കുവാനുള്ള അറിയിപ്പും അയച്ച തിയ്യതി മുതൽ 40 ദിവസത്തിനകം അറിയിപ്പിൽ കാണിച്ചിട്ടുള്ള സംഖ്യ അനുബന്ധം 5. (എ) യിൽ പറഞ്ഞ ബാങ്ക് എക്കൗണ്ടിൽ RTGS ആയോ/ NEFT/ ആയോ കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ നിന്നും വാങ്ങിയ കോട്ടയത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഒടുക്കേണ്ടതാണ്.

ഡി) ബാക്കി സംഖ്യ കോർപ്പറേഷനിൽ അടയ്ക്കേണ്ട അവസാനദിവസം ഒരു പൊതു അവധി ദിവസമായി വരികയാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം പിഴ ഈടാക്കാതെ പണം അടയ്ക്കാവുന്നതാണ്. ബാക്കി വിലയും നികുതികളും ഓരോ ലോട്ടിന്റെയും തീർത്തടയ്ക്കുന്ന പക്ഷം അതാത് ലോട്ടുകൾ മറ്റ് ലേല വ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ലേലദിവസമോ അതുകഴിഞ്ഞുള്ള 7 ദിവസത്തിനകമോ അടച്ച സംഖ്യ ഏറ്റവും അവസാനം നീക്കം ചെയ്യാവുന്ന തടികളുടെ വിലയിലേക്ക് മാത്രമേ വകകൊള്ളുകയുള്ളൂ. ഇപ്രകാരം എല്ലാ ലോട്ടുകളും മുഴുവൻ സംഖ്യയും അടച്ചുതീർത്ത് ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന ദിവസം മുതൽ 40 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.

മേൽ വിവരിച്ച 40 ദിവസത്തിനകം പണമടച്ച് മരം നീക്കം ചെയ്യാത്തപക്ഷം 18% പലിശയോടു കൂടി ബാക്കി സംഖ്യ അടയ്ക്കുന്നതിന് ഒരു മാസം (30 ദിവസം) വരെ സമയം ഡിവിഷണൽ മാനേജർ അനുവദിക്കുന്നതാണ്. മേൽ പ്രസ്താവിച്ച ദിവസത്തിനകം പണമടയ്ക്കാതിരുന്നാൽ 24% പലിശയും പലിശയിന്മേൽ 2.5% സർചാർജ്ജും കൂടി വീണ്ടും ഒരു മാസം (30 ദിവസം) വരെ സമയം അസിസ്റ്റന്റ് ജനറൽ മാനേജർ അനുവദിക്കുന്നതാണ് അതു കഴിഞ്ഞാൽ മാനേജിംഗ് ഡയറക്ടർക്ക് 30 ദിവസം

കൂടി 36% പലിശ, 5% സർചാർജ് എന്നിവ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഇങ്ങനെ പലിശ കണക്കാക്കുമ്പോൾ ഒരു ദിവസമായാലും ഒരു മാസത്തെ പലിശ ഈടാക്കുന്നതായിരിക്കും. അതിനു ശേഷം യാതൊരു കാരണവശാലും കാലാവധി നീട്ടിക്കൊടുക്കുന്നതല്ലാത്തതും ലേലക്കാരൻ അടച്ച തുക കോർപ്പറേഷനിലേക്ക് മുതൽക്കൂട്ടിയതിനുശേഷം പ്രത്യേക അറിയിപ്പില്ലാതെ ലേലം റദ്ദ് ചെയ്യുന്ന തായി കണക്കാക്കി ടി വനവിഭവങ്ങൾ അടുത്ത ലേലദിവസം പുനർലേലം ചെയ്യുന്നതുമായിരിക്കും.

## 6. ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യൽ

കോർപ്പറേഷനിലേക്ക് അടയ്ക്കേണ്ടതായ എല്ലാ സംഖ്യകളും അടച്ചതിനുശേഷം അടച്ചുതീർത്ത സംഖ്യയ്ക്ക് നീക്കം ചെയ്യാവുന്ന സാധനങ്ങൾക്ക് ഡിവിഷണൽ മാനേജരുടെ നിർദ്ദേശ പ്രകാരം മാനേജർ പെർമിറ്റ് കൊടുക്കുന്നതും അപ്രകാരം കൊടുക്കുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ലേല സാധനങ്ങൾ ലേലക്കാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതുമാണ്.

## 7. സമയത്തിന് പണമടയ്ക്കുന്നതിലും സാധനങ്ങൾ നീക്കം ചെയ്യുന്നതിലും വീഴ്ച വരുത്തുന്നവർക്കുള്ള പിഴ

എ) ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയ്യതി മുതൽ 130 ദിവസത്തിനകം എല്ലാ സംഖ്യകളും അടച്ചു തീർക്കാത്തപക്ഷം ലേലം റദ്ദാക്കുന്നതും ലേലക്കാരന് 10 ദിവസത്തെ അവധിവച്ച് നോട്ടീസ് കൊടുത്തതിനുശേഷം ഇപ്രകാരം റദ്ദുചെയ്ത വിഭവങ്ങൾ അതേ ഡിപ്പോയിലെ അടുത്ത ലേലത്തിൽ പുനർലേലം ചെയ്യുന്നതുമാണ്. തന്മൂലം കോർപ്പറേഷനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പുനർലേലം ചെയ്യുന്നതിന് കോർപ്പറേഷനുണ്ടാകുന്ന ചെലവിനും ആദ്യലേലക്കാരൻ ഉത്തരവാദിയാകുന്നതുമാണ്. ടി നഷ്ടം താഴെ വിവരിക്കുന്ന പ്രകാരത്തിൽ ഈടാക്കാവുന്നതുമായിരിക്കും.

ലേലവ്യവസ്ഥകൾ പ്രകാരം ആദ്യലേലക്കാരൻ അടയ്ക്കേണ്ടതായ പലിശ, സർചാർജ്, തറവാടക മുതലായവയും ടിയാന്റെ ലേലത്തുകയും പുനർലേലത്തിൽ കുറവുവരികയാണെങ്കിൽ ആ വ്യത്യാസവും വ്യത്യാസമുള്ള തുകയ്ക്കുള്ള ചരക്ക് സേവന നികുതിയും പുനർലേലം ചെയ്യുന്നതിന് കോർപ്പറേഷനുണ്ടായിട്ടുള്ള ചെലവും റവന്യൂ റിക്കവറി പ്രകാരം, മറ്റു നിയമങ്ങൾ പ്രകാരമോ ഈടാക്കുന്നതായിരിക്കും. എന്നാൽ പുനർലേലത്തിൽ എന്തെങ്കിലും ലാഭമുണ്ടായാൽ ആദ്യ ലേലക്കാരന് അതിൽ അവകാശമുണ്ടായിരിക്കുന്നതല്ല.

ബി) കോർപ്പറേഷനിലേക്ക് അടയ്ക്കേണ്ടതായ എല്ലാ തുകയും അടച്ചതിനുശേഷം ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയ്യതി മുതൽ 40 ദിവസത്തിനകം തറവാടക കൂടാതെ തടികൾ നീക്കം ചെയ്യാവുന്നതാണ്. ടി 40 ദിവസത്തിനുശേഷമുള്ള നാല് മാസം താഴെ പറയുന്ന നിരക്കിൽ തറവാടക ഒടുക്കി തടികൾ നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്.

| | | |
|---|---|---|
| തടിക്ക് | - | ആദ്യത്തെ മാസത്തിന് 1ക്യുബിക് മീറ്ററിന് 100/- രൂപ |
| തേക്ക് കഴകൾക്ക് | - | ആദ്യത്തെ മാസത്തിന് ഒരു കഴക്ക് 5/- രൂപ |
| വിറക് | - | ആദ്യത്തെ മാസത്തിന് 1 ക്യുബിക് മീറ്ററിന് 25/- രൂപ |

രണ്ടാമത്തെ മാസത്തിന് ഒന്നാമത്തെ മാസത്തിന്റെ ഇരട്ടിയും മൂന്നാമത്തെ മാസത്തിന് ഒന്നാമത്തെ മാസത്തിന്റെ മൂന്നിരട്ടിയും / നാലാമത്തെ മാസത്തിന് ഒന്നാമത്തെ മാസത്തിന്റെ നാലിരട്ടിയും എന്ന ക്രമത്തിൽ പരമാവധി നാല് മാസം വരെ തറവാടക കൊടുത്ത് മുഴുവൻ തുക അടച്ച് സാധനങ്ങൾ നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്. ഒരു മാസത്തിൽ കുറഞ്ഞ കാലയളവ് ഒരു മാസമായി കണക്കാക്കി തറവാടക ഈടാക്കുന്നതാണ്. ഇങ്ങനെ തറവാടക കണക്കക്കുമ്പോൾ മേൽ പ്രസ്താവിച്ചിട്ടുള്ള മാസം മുതൽ തടി നീക്കം ചെയ്യാൻ അനുവദിക്കുന്ന മാസം വരെ മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ ഓരോ മാസത്തെ തറവാടകയും ക്രമാനുസരണം കണക്കാക്കി ഈടാക്കുന്നതാണ്. എന്നാൽ പ്രസ്തുത കാലാവധിക്കുശേഷം യാതൊരു കാരണവശാലും തടി നീക്കം ചെയ്യാൻ അനുവദിക്കുന്നതല്ല.

മേൽ വിവരിച്ച കാലാവധിക്കുശേഷം നീക്കം ചെയ്യാതെ കിടക്കുന്ന തടി/കഴകൾ/വിറക് ദർഘാസ് /ലേലവ്യവസ്ഥയിൽ പുനർ വിൽപന നടത്തുന്നതും കോർപ്പറേഷന് പ്രസ്തുത പുനർ വിൽപനയ്ക്കും മറ്റും ചിലവായ തുക, തറവാടക എന്നിവ തടി നീക്കം ചെയ്യാത്ത ദർഘാസുക്കാരുടെ/ലേലക്കാരുടെ ബാദ്ധ്യതയായി പുനർ വിൽപന തുകയിൽ നിന്നും ഈടാക്കി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പ റേഷനിലേക്ക് മുതൽക്കൂട്ടിയതിനുശേഷം ബാക്കിയുള്ള തുക ഫോറസ്റ്റ് ഡെപ്പോസിറ്റായി കണക്കിൽ ചേർക്കുന്നതും, കഴകൾ നീക്കം ചെയ്യാൻ വീഴ്ച വരുത്തിയ ദർഘാസുക്കാരൻ /ലേലക്കാരൻ ആവശ്യ പ്പെടുന്ന സമയത്ത് തിരികെ കൊടുക്കുന്നതാണ്. എന്നാൽ പ്രസ്തുത വിൽപനയിൽ ഉണ്ടാകുന്ന ലാഭ ത്തിൻമേൽ ആദ്യ ദർഘാസുക്കാർക്ക് /ലേലക്കാർക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

## 8. മറ്റു പൊതു വ്യവസ്ഥകൾ

എ) ഈ ദർഘാസ് /ലേലത്തിൽ പരസ്യപ്പെടുത്തിയ വകുപ്പുകൾ പ്രകാരം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലേക്ക് കിട്ടേണ്ടതായ ഏതൊരു തുകയും കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പ റേഷനിൽ നിന്ന് ആവശ്യപ്പെടുന്ന സമയത്ത് ദർഘാസുക്കാരൻ/ലേലക്കാരൻ അടയ്ക്കാൻ വീഴ്ചവ രുത്തിയാൽ പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമ പ്രകാരം ഈടാക്കുന്നതാണ്.

ഡിവിഷണൽ മാനേജർക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽക്കൂടിയും ഈ തുക ഈടാ ക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബി) ദർഘാസ് /ലേലത്തിൽ വിജയിച്ചയാൾ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലേക്ക് അട യ്ക്കേണ്ട ഏതെങ്കിലും തുക അടയ്ക്കാൻ വീഴ്ചവരുത്തിയാൽ അയാൾ കേരള ഫോറസ്റ്റ് ഡെവ ലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള മറ്റേതെങ്കിലും ഡിവിഷനിൽ നിന്ന് വാങ്ങിയതും ബാക്കി വില അടച്ചതുമായ സാധനങ്ങൾ വിട്ടുകൊടുക്കുന്നതല്ല. ഈ നടപടി പ്രകാരം അദ്ദേഹത്തിന് ഏതെ ങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പ റേഷൻ ഉത്തരവാദിയാകുന്നതല്ല.

സി) മുൻ ദർഘാസ് /ലേലങ്ങളിൽ പങ്കെടുത്ത് വീഴ്ചവരുത്തിയവർ എന്ന് പ്രഖ്യാപിക്കപ്പെട്ടവരെ നേരിട്ടോ ഏജന്റ് മുഖേനയോ ദർഘാസ് /ലേലങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

ഡി) അതത് കാലത്ത് പ്രാബല്യത്തിലിരിക്കുന്ന ചരക്ക് സേവന നികുതിയും റീജനറേഷൻ ചാർജും മറ്റ് പ്രാദേശിക നികുതികളും കൊടുക്കുന്നതിന് ദർഘാസുകാർ /ലേലക്കാർ ബാദ്ധ്യസ്ഥരായിരിക്കും.

ഇ) ദർഘാസ് /ലേലവ്യവസ്ഥകൾ അനുസരിച്ച് തുക അടക്കാതെയും മറ്റ് വിധത്തിലും വീഴ്ച വരുത്തു ന്നവരെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് യുക്തമെന്ന് തോന്നുന്നപക്ഷം സ്ഥിര മായി ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതാണ്.

(എഫ്) അതാത് കാലത്ത് നിലവിലുള്ള ഫോറസ്റ്റ് ആക്ടിലോ റൂൾസിലോ ഈ വ്യവസ്ഥകളെ ബാധിക്കുന്ന വ്യത്യാസങ്ങൾ വരുത്തുകയാണെങ്കിലോ ഭേദഗതി ചെയ്യുകയാണെങ്കിലോ അങ്ങനെ മാറ്റുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും ദർഘാസുക്കാരൻ/ലേലക്കാരൻ വിധേയനായിരിക്കും.

(ജി) ദർഘാസ് / ലേലവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ബദ്ധപ്പെട്ട ഡിവിഷണൽ മാനേജരുടെ അധികാര പരിധിയിൽ സ്ഥിതിചെയ്യുന്ന കോടതിയിൽ മാത്രമേ അനുവദിക്കുകയുള്ളു.

ഡിവിഷണൽ മാനേജർ,
കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ,
തൃശ്ശൂർ ഡിവിഷൻ.

# <u>സമ്മതപത്രം</u>

മേൽ വിവരിച്ച ലേല വ്യവസ്ഥകളെല്ലാം ഞാൻ വായിച്ചു മനസ്സിലാക്കി. ലേലത്തിനു വച്ചിരിക്കുന്ന വനവിഭവങ്ങൾ ഞാൻ നേരിട്ട് കണ്ടു ബോദ്ധ്യപ്പെട്ടു. മേൽ വിവരിച്ച ലേല നിബന്ധനകൾ അനുസരിക്കുന്നതിന് എന്നിൽ നിന്നും വീഴ്ച വന്നാൽ തന്മൂലം കോർപ്പറേഷനും സർക്കാരിനും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്നിൽനിന്നും ഈടാക്കാവുന്നതാണെന്ന് ഇതിനാൽ സമ്മതിക്കുന്നു.

ഒപ്പ് :

തിയ്യതി :

പേര് :

വിലാസം :

പട്ടിക 1

| KERALA FOREST DEVELOPMENT CORPORATION LTD. | | | | | |
|---|---|---|---|---|---|
| Thrissur Division | | | Timber Depot - Marottichal, Chempamkandam | | |
| Auction dated 14.11.19 | | | | | |
| Sl No | Lot No | | Logs (nos) | Lot Vol. (m3) | Remarks |
| 1 | CHPK/TK/3/18-19 | Teak L IV C | 4 | 0.619 | |
| 2 | CHPK/TK/15/18-19 | Teak SL IV B | 6 | 0.376 | |
| 5 | CHPK/TK/18/18-19 | Teak SL IV C | 3 | 0.194 | |
| 7 | CHPK/TK/23/18-19 | Teak L III C | 9 | 1.713 | |
| 8 | CHPK/TK/26/18-19 | Teak L IV C | 12 | 1.442 | |
| 9 | CHPK/TK/27/18-19 | Teak L III C | 8 | 1.233 | |
| 10 | CHPK/TK/30/18-19 | Teak I C Pole | 2 | | |
| 11 | CHPK/TK/31/18-19 | Teak I C Pole | 1 | | |
| 12 | CHPK/TK/32/18-19 | Teak SL III D | 2 | 0.142 | |
| 13 | CHPK/TK/33/18-19 | Teak SL IV D | 2 | 0.13 | |
| 14 | CHPK/TK/34/18-19 | Teak III pole | 52 | | |
| 15 | CHPK/TK/35/18-19 | Teak IV Pole | 46 | | |
| 15 | CHPK/TK/36/18-19 | Teak II C Pole | 9 | | |
| 17 | CHPK/TK/43/18-19 | Teak BS | 14 | 0.642 | |
| 18 | CHPK/TK/46/18-19 | Teak L IV D | 9 | 0.979 | |
| 19 | CHPK/TK/47/18-19 | Teak L IV B | 13 | 1.623 | |
| 20 | CHPK/TK/48/18-19 | Teak BS | 19 | 0.67 | |
| 21 | CHPK/TK/FW/1/18-19 | Teak Fire wood | | 12 (6 MT) | |
| 22 | CHPK/TK/FW/2/18-19 | Teak Fire wood | | 11 (5.5 MT) | |